I/69544/2022

**വിവരാവകാശം/മറുപടി**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :01-12-2022
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ഫാത്തിമ ഷമീറ,
റിസർച്ച് സ്കോളർ,
ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യോളജി,
യൂണിവേഴ്സിറ്റി ഓഫ് കേരള,
കാര്യവട്ടം,
തിരുവനന്തപുരം - 695581,
ഫോൺ : 8129707018

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 04/11/2022 തീയതിയിലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആയതിന്റെ മറുപടി ചുവടെ ചേർക്കുന്നു.

1. കേരള സാമൂഹ്യനീതി വകുപ്പ് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കും തുടർ ചികിത്സ തുടർചികിത്സ ധനസഹായത്തിനുമായി പദ്ധതി ആരംഭിച്ചതു മുതൽ ഈ സാമ്പത്തിക വർഷം വരെ എത്ര ട്രാൻസ്ജെൻഡർ വ്യക്തികൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത് ?

കേരള സാമൂഹ്യനീതി വകുപ്പ് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ധനസഹായം അനുവദിയ്ക്കുന്ന പദ്ധതി ആരംഭിച്ചതു മുതൽ 253 ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർചികിത്സ ധനസഹായത്തിനായി 154 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

2.സാമ്പത്തിക സഹായം അനുവദിച്ചതിൽ ട്രാൻസ് വുമൺ, ട്രാൻസ് മെൻ എന്നീ വിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം, പ്രായവും ?

വിവരാവകാശനിയമം 2005 പ്രകാരം വ്യക്തികളുടെ വ്യക്തിപരമായ വിവരങ്ങൾ വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടിയായി നൽകുവാൻ സാധിയ്ക്കുകയില്ല. ആയതിനാൽ സാമ്പത്തിക സഹായം ലഭ്യമാക്കിയ ട്രാൻസ്ജെൻഡർ വ്യക്തികളുടെ വയസ്സ് വെളിപ്പെടുത്തുവാൻ സാധിയ്ക്കുകയില്ലായെന്ന വിവരം

I/69544/2022

അറിയിക്കുന്നു.

സാമ്പത്തിക സഹായം അനുവദിച്ച ട്രാൻസ്ജെൻഡർ വ്യക്തികളുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെക്കൊടുക്കുന്നു.

2018-19

| ക്രമ നം | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം, വയസ്സ് | |
|---|---|---|---|
| | | ട്രാൻസ് വുമൺ | ട്രാൻസ് മാൻ |
| 1 | തിരുവനന്തപുരം | 6 | 3 |
| 2 | കോട്ടയം | 1 | - |
| 3 | ആലപ്പുഴ | 1 | 1 |
| 4 | എറണാകുളം | - | 1 |
| 5 | തൃശ്ശൂർ | 1 | 1 |
| 6 | മലപ്പുറം | 2 | - |
| 7 | കോഴിക്കോട് | 1 | - |
| 8 | കണ്ണൂർ | 1 | - |
| | ആകെ | 13 | 6 |

2019-20

| ക്രമ നം | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം (വയസ്സ്) | |
|---|---|---|---|
| | | ട്രാൻസ് വുമൺ | ട്രാൻസ് മാൻ |
| 1 | തിരുവനന്തപുരം | 3 | 2 |
| 2 | കൊല്ലം | 3 | 1 |
| 3 | കോട്ടയം | 2 | - |
| 4 | ആലപ്പുഴ | 2 | 1 |
| 5 | പത്തനംതിട്ട | - | 2 |
| 6 | എറണാകുളം | 7 | 1 |
| 7 | തൃശ്ശൂർ | 2 | - |
| 8 | പാലക്കാട് | 1 | - |
| 9 | മലപ്പുറം | 4 | - |
| 10 | കോഴിക്കോട് | 4 | - |
| 11 | കണ്ണൂർ | 3 | - |
| | ആകെ | 31 | 7 |

2020-21

| ക്രമ നം | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം (വയസ്സ്) | |
|---|---|---|---|
| | | ട്രാൻസ് വുമൺ | ട്രാൻസ് മാൻ |
| 1 | തിരുവനന്തപുരം | 6 | 4 |
| 2 | കൊല്ലം | 4 | 1 |
| 3 | കോട്ടയം | 3 | 1 |
| 4 | ആലപ്പുഴ | 1 | 3 |
| 5 | ഇടുക്കി | 1 | 1 |
| 6 | പത്തനംതിട്ട | 2 | 1 |
| 7 | എറണാകുളം | 11 | 3 |

| | | | |
|---|---|---|---|
| 8 | തൃശ്ശൂർ | 2 | 1 |
| 9 | പാലക്കാട് | 2 | |
| 10 | മലപ്പുറം | 6 | |
| 11 | കോഴിക്കോട് | 4 | 1 |
| 12 | കണ്ണൂർ | 4 | |
| 13 | കാസർഗോഡ് | | 1 |
| | **ആകെ** | **46** | **17** |

2021-22

| **ക്രമ നം** | **ജില്ല** | **ഗുണഭോക്താക്കളുടെ എണ്ണം (വയസ്സ്)** | |
|---|---|---|---|
| | | **ട്രാൻസ് വുമൺ** | **ട്രാൻസ് മാൻ** |
| 1 | തിരുവനന്തപുരം | 11 | 3 |
| 2 | കൊല്ലം | 18 | 3 |
| 3 | കോട്ടയം | 5 | 3 |
| 4 | ആലപ്പുഴ | 4 | 3 |
| 5 | ഇടുക്കി | 2 | 2 |
| 6 | പത്തനംതിട്ട | 5 | 2 |
| 7 | എറണാകുളം | 20 | 4 |
| 8 | തൃശ്ശൂർ | 13 | 6 |
| 9 | പാലക്കാട് | 15 | 1 |
| 10 | മലപ്പുറം | 7 | 1 |
| 11 | കോഴിക്കോട് | 9 | 2 |
| 12 | കണ്ണൂർ | 6 | 2 |
| 13 | കാസർഗോഡ് | 1 | |
| | **ആകെ** | **116** | **32** |

3. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കും തുടർ ചികിത്സയ്ക്കുമായി നാളിതുവരെ വർഷാടിസ്ഥാനത്തിൽ എത്ര രൂപയാണ് സാമൂഹ്യനീതി വകുപ്പ് മുഖേന ചെലവഴിച്ചിട്ടുള്ളത് ?

SRS ധനസഹായം

| **വർഷം** | **അനുവദിച്ച തുക** |
|---|---|
| 2018-19 | 19,88,630/- രൂപ |
| 2019-20 | 36,68,364/- രൂപ |
| 2020-21 | 77,17,505/- രൂപ |
| 2021-22 | 1,68,14,540/- രൂപ |

SRS തുടർചികിത്സാ ധനസഹായം

| **വർഷം** | **അനുവദിച്ച തുക** |
|---|---|
| 2018-19 | 4,59,000/- രൂപ |
| 2019-20 | 15,36,000/- രൂപ |
| 2020-21 | 25,35,000/- രൂപ |
| 2021-22 | 19,05,000/- രൂപ |

I/69544/2022

4. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കും ട്രാൻസ്ജെൻഡർ വ്യക്തികളുടെ അനുബന്ധ ചികിത്സയ്ക്കും നിലവിൽ കേരളത്തിൽ എത്ര സർക്കാർ ആശുപത്രികൾ പ്രവർത്തിയ്ക്കുന്നുണ്ട്?

ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കും ട്രാൻസ്ജെൻഡർ വ്യക്തികളുടെ അനുബന്ധ ചികിത്സയ്ക്കും മാത്രമായി നിലവിൽ കേരളത്തിൽ സർക്കാർ ആശുപത്രികൾ പ്രവർത്തിയ്ക്കുന്നില്ല.

5. ട്രാൻസ്ജെൻഡർ വ്യക്തികളുടെ മാനസ്സികാരോഗ്യവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏത് മാനസ്സികാരോഗ്യ കേന്ദ്രമാണ് പ്രവർത്തിയ്ക്കുന്നത് ? എന്തൊക്കെ സൗകര്യങ്ങളാണ് വകുപ്പ് മുഖേന നൽകുന്നത് ?

ട്രാൻസ്ജെൻഡർ വ്യക്തികളുടെ മാനസ്സികാരോഗ്യവുമായി ബന്ധപ്പെട്ട് മാത്രം സംസ്ഥാനത്ത് മാനസ്സികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിയ്ക്കുന്നില്ല.

6. സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് മുഖേന എത്ര പേർക്കാണ് ട്രാൻസ്ജെൻഡർ ഐ.ഡി കാർഡ് നൽകിയിട്ടുള്ളത് ?

വകുപ്പിന്റെ ഇ-ക്ഷേമ പോർട്ടൽ പരിശോധിച്ചതിൽ നിന്നും ഇതുവരെ 698 പേർക്ക് T.G ID card അനുവദിച്ചിട്ടുണ്ട്. കൂടാതെ സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസിന്റെ സോഷ്യോ- ഇക്കോമിക് സർവ്വേയുടെ കരട് റിപ്പോർട്ട് പ്രകാരം കേരളത്തിൽ ഇതുവരെ 396 പേർക്ക് TG ID CARD ലഭിച്ചിട്ടുണ്ട്.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്

**അഡീഷണൽ ഡയറക്ടർ & അപ്പീൽ അധികാരി,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**വികാസ് ഭവൻ 5th Floor,**
**തിരുവനന്തപുരം.**

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലികഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം.**